**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2599** **21-01-2021 - ൽ മറുപടിയ്ക്ക്**

**ദേവസ്വം ബോർഡുകളുടെയും ക്ഷേത്രങ്ങളുടെയും വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ വി. കെ. സി. മമ്മത് കോയ | | Shri. Kadakampally Surendran<br>(സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കേരളത്തിലെ ദേവസ്വം ബോർഡുകൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ; | (എ) | തിരുവിതാംകൂർ ദേവസ്വം ബോർഡ്, മലബാർ ദേവസ്വം ബോർഡ്, കൊച്ചിൻ ദേവസ്വം ബോർഡ്, ഗുരുവായൂർ ദേവസ്വം , കൂടൽ മാണിക്യം ദേവസ്വം എന്നീ 5 ദേവസ്വം ബോർഡുകളാണുള്ളത് . |
| (ബി) | ദേവസ്വം ബോർഡുകളുടെയും ക്ഷേത്രങ്ങളുടെയും ദൈനംദിന പ്രവർത്തനങ്ങൾക്കും വികസന പ്രവർത്തികൾക്കുമായി സർക്കാർ സാമ്പത്തിക സഹായമോ മറ്റു ഗ്രാന്റുകളോ നൽകുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നല്കിയ ധനസഹായങ്ങളുടെയും മറ്റു ഗ്രാന്റുകളുടെയും വിശദവിവരങ്ങൾ നല്കാമോ; | (ബി) | ഉണ്ട് .അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (സി) | ദേവസ്വം ബോർഡുകളും ക്ഷേത്രങ്ങളും അവരുടെ വരുമാനത്തിൽ നിന്നും സർക്കാരിന് വിഹിതം അടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദവിവരങ്ങൾ നല്കാമോ; | (സി) | (സി)യും(ഡി)യും ദേവസ്വം ബോർഡുകളും ക്ഷേത്രങ്ങളും അവരുടെ വരുമാനത്തിൽ നിന്നും സർക്കാരിന് യാതൊരുവിധത്തിലുള്ള വിഹിതവും അടക്കുന്നില്ല. വരുമാനം ദേവസ്വം ബോർഡുകളുടെയും ക്ഷേത്രങ്ങളുടെയും ദൈനംദിന പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ ശംബള ചെലവിനും മറ്റ് വികസന പ്രവർത്തികൾക്കുമായിട്ടാണ് ഉപയോഗി ക്കുന്നത്. |
| (ഡി) | ഈ സർക്കാർ അധികാരമേറ്റതിനുശേഷം ഈ തരത്തിൽ സർക്കാരിന് ലഭിച്ച തുകയുടെ വിശദവിവരങ്ങൾ നല്കാമോ? | (ഡി) | (സി)യും(ഡി)യും ദേവസ്വം ബോർഡുകളും ക്ഷേത്രങ്ങളും അവരുടെ വരുമാനത്തിൽ നിന്നും സർക്കാരിന് യാതൊരുവിധത്തിലുള്ള വിഹിതവും അടക്കുന്നില്ല. വരുമാനം ദേവസ്വം ബോർഡുകളുടെയും ക്ഷേത്രങ്ങളുടെയും ദൈനംദിന പ്രവർത്തനങ്ങൾക്കും ജീവനക്കാരുടെ ശംബള ചെലവിനും മറ്റ് വികസന പ്രവർത്തികൾക്കുമായിട്ടാണ് ഉപയോഗി ക്കുന്നത്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| | |
|---|---|
| ക്ഷേത്രങ്ങളോട് ചേർന്നുള്ള കാവുകളുടെയും കുളങ്ങളുടെയും ആൽത്തറകളുടെയും സംരക്ഷണം | ₹3,20,40,000/- |
| മലബാർ ദേവസ്വം ബോർഡിലെ ഹിന്ദുമത ധർമ്മ സ്ഥാപന(ഭരണ) വകുപ്പ് ജീവനക്കാരുടെ ശമ്പളം | ₹7,94,77,371/- |
| മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളവും ശമ്പളേതര ചെലവുകളും | ₹1,43,21,04,240/- |
| മലബാർ പ്രദേശത്തുള്ള ക്ഷേത്രങ്ങളിലെ ആചാരസ്ഥാനികൾക്കും കോലധാരികൾക്കുമുള്ള മാസ അലവൻസ് | ₹8,39,32,000/- |
| മലബാർ ദേവസ്വം ബോർഡിന്റെ അധീനതയിൽ കണ്ണൂർ മാടായിക്കാവിലുള്ള ക്ഷേത്രകല അക്കാഡമിയ്ക്കുള്ള ധനസഹായം | ₹70,00,000/-<br>(സാംസ്കാരിക വകുപ്പ് നൽകിയ 50 ലക്ഷം രൂപ ഉൾപ്പെടെ) |
| കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ശമ്പളം, ശമ്പളേതര ചെലവുകൾ | ₹10,28,58,000/- |
| ദേവസ്വം ഫണ്ട് ശ്രീ പണ്ടാര വക ഫണ്ട്<br><br>(ശ്രീ പത്മനാഭ സ്വാമി ക്ഷേത്രം - 20 ലക്ഷം, തിരുവിതാംകൂർ ദേവസ്വം ബോർഡ് - 80ലക്ഷം പ്രതിവർഷം) | ₹4,20,00,000/- |
| ശ്രീ പത്മനാഭസ്വാമി ക്ഷേത്രം വിദഗ്ദസമിതി | ₹20,00,000/- |
| ശ്രീ പത്മനാഭസ്വാമി ക്ഷേത്രം പുരാവസ്തുക്കളുടെയും ശില്പങ്ങളുടെയും ഡിജിറ്റൽ ആർകൈവിംങ് | ₹18,00,000/- |
| ശബരിമല ശുചീകരണ പദ്ധതി | ₹14,28,57,475/- |
| ശബരിമല മാസ്റ്റർപ്ലാൻ | ₹59,62,00,000/- |
| ശബരിമലയിൽ വിന്യസിക്കുന്ന പോലീസ് ഉദ്യോഗസ്ഥൻമാർക്കുള്ള മെസ് സബ്സിഡി | ₹11,25,00,000/- |
| ശബരിമല തീർത്ഥാടനത്തിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള ധനസഹായം | ₹15,00,00,000/- |
| ശബരിമല തീർത്ഥാടനത്തിന് പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലാ കളക്ടർമാർക്കുള്ള ധനസഹായം | ₹1,43,00,000/- |

| | |
|---|---|
| ശബരിമല തീർത്ഥാടനത്തിന് മെഡിക്കൽ സ്റ്റാഫിന് ധനസഹായം | ₹1,97,00,000/- |
| പ്രളയം / കോവിഡ് ധനസഹായം | ₹105,10,00,000/-<br><br>(തിരുവിതാംകൂർ ദേവസ്വം ബോർഡ് - 80 കോടി, കൊച്ചിൻ ദേവസ്വം ബോർഡ് - 15 കോടി, മലബാർ ദേവസ്വം ബോർഡ് - 10 കോടി, കൂടൽമാണിക്യം ദേവസ്വം - 10 ലക്ഷം) |
| ആകെ | ₹3,86,97,69,086/-<br><br>( മുന്നൂറ്റി എൺപത്തിയാറ് കോടി തൊണ്ണൂറ്റിയേഴ് ലക്ഷത്തി അറുപത്തി ഒൻപതിനായിരത്തി എൺപത്തിയാറ് രൂപ മാത്രം) |

സെക്ഷൻ ഓഫീസർ